# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 4259 | 16.12.2014-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളുടെ ജീവിതാവസ്ഥ

**ചോദ്യം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.വി.ശശി
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ചിറ്റയം ഗോപകുമാർ

**മറുപടി**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര ആദിവാസി വിഭാഗങ്ങളുണ്ട്; ഈ വിഭാഗങ്ങളിലെല്ലാം കൂടി എത്ര കുടുംബങ്ങളുണ്ട്; ഇതിൽ സ്വന്തമായി വീടോ, ഭൂമിയോ ഇല്ലാത്ത കുടുംബങ്ങളുണ്ടോ; എങ്കിൽ എത്ര വീതം; | എ) | സംസ്ഥാനത്ത് 37 ആദിവാസി വിഭാഗങ്ങളുണ്ട്. 2008-ൽ നടത്തിയ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സർവ്വെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ആദിവാസി കുടുംബങ്ങളുടെ എണ്ണം: 107965<br>ഭൂമി ഇല്ലാത്ത കുടുംബങ്ങൾ: 5158<br>സ്വന്തമായി വീടില്ലാത്തവർ: 30308 (2014-ൽ ശേഖരിച്ച കണക്ക്) |
| ബി) | അഞ്ച് സെന്റിന് താഴെ ഭൂമിയുള്ള എത്ര കുടുംബങ്ങളുണ്ട്; ഇതിൽ ഭൂമിക്ക് പട്ടയം ലഭിച്ചവർ എത്ര; | ബി) | അഞ്ചുസെന്റിന് താഴെ ഭൂമിയുള്ള കുടുംബങ്ങൾ - 20320<br>പട്ടയം ലഭിച്ചവർ - 6886 |
| സി) | ഇവരിൽ സ്വന്തമായി കക്കൂസും അടുക്കളയും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) | വിവരം ശേഖരിച്ച് വരുന്നു. |
| ഡി) | പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത എത്ര പേരുണ്ട്; ആദിവാസി ക്ഷേമത്തിന്റെ പേരിലുള്ള തട്ടിപ്പുകൾ തടയുന്നതിന് ഏതു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ? | ഡി) | പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത നിരക്ഷരരായ ആദിവാസികളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, |

| | | | |
|---|---|---|---|
| | | | ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ആഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ട്. പദ്ധതിയുടെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ആഫീസർമാർ നേരിട്ടും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.<br><br>2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലകളിൽ നടപ്പാക്കുന്നു. സ്ഥലം എം.എൽ.എ ചെയർമാനായും, പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിയ്ക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം സർക്കാരിന്റെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്.<br><br>പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ